<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കഴിഞ്ഞ ദിവസം റൂൾ 155 പ്രകാരം സെക്രട്ടറിക്ക് ഒരു കത്ത് നൽകുകയും റൂൾ 157 പ്രകാരം ഒരു പ്രിവിലേജ് പ്രശ്നം സഭയിൽ ഉന്നയിക്കണമെന്നും ഞാൻ ആവശ്യപ്പെട്ടിരുന്നു. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ ഒന്നാം തീയതിയിലെ 115-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് മറുപടിയായി നൽകിയിരിക്കുന്നത്. ഇത് വസ്തുതാവിരുദ്ധമാണ്, ഇത് ടെക്നിക്കൽ എററല്ല. ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നൊരു മറുപടിയായാണ് നൽകിയിരിക്കുന്നത്. കേരളത്തിലെ ഹയർ സെക്കന്ററി സ്കൂളിൽ 40 ശതമാനത്തോളം പുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്. സംസ്കൃതം, സാഹിത്യം, ശാസ്ത്രം, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (കൊമേഴ്സ്), കമ്പ്യൂട്ടർ സയൻസ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഫിലോസഫി എന്നീ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തുനൽകിയിട്ടില്ല. 40 ശതമാനത്തോളം വിദ്യാർത്ഥികൾക്ക് മാത്രം പാഠപുസ്തകം അച്ചടിച്ച് നൽകുകയും 60 ശതമാനത്തോളം വിദ്യാർത്ഥികൾക്ക് പല വിഷയങ്ങളിൽ പുസ്തകം അച്ചടിച്ച് നൽകാതിരിക്കുകയും ചെയ്ത സാഹചര്യമുണ്ടായിട്ടും സഭയെ

തെറ്റിദ്ധരിപ്പിച്ചുകൊണ്ട്, എല്ലാ അച്ചടിയും പൂർത്തീകരിച്ച് വിതരണം നടത്തിയിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നത് ഗുരുതരമായൊരു പ്രിവിലേജ് ഇഷ്യൂവാണ്. അത് ഇവിടെ അവതരിപ്പിക്കുന്നതിനുള്ള അനുമതി ബഹുമാനപ്പെട്ട സ്പീക്കർ നൽകണം. മാത്രവുമല്ല, ചർച്ച ചെയ്യേണ്ട വിഷയവും കൂടിയാണിത്. ചട്ടം 157 പ്രകാരമാണ് ഞാൻ പറഞ്ഞിട്ടുള്ളത്.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട ചെയർ, ഇത് അനുവദിക്കുമെങ്കിൽ 157 ചട്ടം അനുസരിച്ച് പറയുന്നുണ്ട്. ...

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്......... ചെയർ ഒരു കാര്യം പറഞ്ഞോട്ടെ. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ അവകാശലംഘനത്തിനാണ് നോട്ടീസ് നൽകിയിരിക്കുന്നത്. നിയമസഭയിൽ അവകാശലംഘന നോട്ടീസിന് ഒരു നടപടിക്രമമുണ്ട്. ഒരു മന്ത്രി, സഭയിൽ തെറ്റായൊരു ഉത്തരമാണ് നൽകിയതെങ്കിൽ മന്ത്രിക്ക് ആ തെറ്റ് തിരുത്തുവാനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട്. അതിന് സമയം കൊടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരം കിട്ടിയതിനുശേഷം മാത്രമേ അതിനെസംബന്ധിച്ച് ചെയറിനൊരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ശ്രീ. വി. എസ്. സുനിൽകുമാറിന് ഈ വിഷയം ഉന്നയിക്കാൻ

അനുമതി നിഷേധിക്കുന്നു. ശ്രീ. വി. എസ്. സുനിൽകുമാർ നൽകിയ നോട്ടീസ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അയച്ചുകൊടുക്കുന്നതാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മേൽനടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ .........

മി. സ്പീക്കർ: യെസ് .....

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് സഭയിൽ അനുമതി നിഷേധിക്കുകയാണെങ്കിൽ, ചട്ടം 157(3) അനുസരിച്ച് "അനുമതി നൽകുന്നതിനോട് എതിർപ്പ് പ്രകടിപ്പിക്കുന്നപക്ഷം, അനുമതി നൽകുന്നതിന് അനുകൂലിക്കുന്ന അംഗങ്ങൾ തൽസ്ഥാനങ്ങളിൽ എഴുന്നേറ്റ് നിൽക്കാൻ സ്പീക്കർ ആവശ്യപ്പെടേണ്ടതും പതിനഞ്ചിൽ കുറയാതെയുള്ള അംഗങ്ങൾ അതനുസരിച്ച് എഴുന്നേൽക്കുകയാണെങ്കിൽ അനുമതി നൽകിയിരിക്കുന്നതായി അദ്ദേഹം അറിയിക്കേണ്ടതുമാണ്."

മി. സ്പീക്കർ: ചെയർ പറഞ്ഞത് ശ്രീ. വി. എസ്. സുനിൽ കുമാർ ശ്രദ്ധിച്ചില്ല. ചെയർ പറഞ്ഞത് ഉത്തരത്തിൽ വന്ന തെറ്റ് തിരുത്താനുള്ള അവസരം മന്ത്രിക്ക് കൊടുക്കണം. അങ്ങ് ഇന്നലെ വൈകുന്നേരം

എഴുതിത്തന്നത്.............. ചെയർ പറയുന്നത് കേൾക്കണം. അങ്ങ് എഴുതിത്തന്നത് ചെയർ മന്ത്രിക്ക് കൊടുക്കാൻ പോകുന്നതേയുള്ളൂ. മന്ത്രിക്ക് ഇതുവരെ കിട്ടിയിട്ടില്ലാത്ത വിഷയത്തെ സംബന്ധിച്ചാണ് അങ്ങ് പറയുന്നത്. അതുകൊണ്ട് മന്ത്രിക്ക് അവസരം കൊടുക്കണം. ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് ശക്തർ ആന്റ് കൗൾ പേജ് 305 പരിശോധിച്ചതിനുശേഷം പറയണം. ഇതുസംബന്ധിച്ച് ചെയർ റൂളിംഗ് നൽകിക്കഴിഞ്ഞു.

(അവകാശലംഘന നോട്ടീസ് അവതരിപ്പിക്കാൻ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)